## പതിനാലാം കേരള നിയമസഭ
## 15-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3486** **20.06.2019-ൽ മറുപടിയ്ക്ക്**

## കാലാവസ്ഥാ മുന്നറിയിപ്പ് കേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ.കെ. ദാസൻ : | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം കാലാവസ്ഥാ മുന്നറിയിപ്പ് കേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ; | (എ) കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 100 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിട്ടുണ്ട്. അതിൽ 35 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും ബാക്കി 65 എണ്ണം |

സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തിയും വരുന്നു. സംസ്ഥാനത്ത് ഒരു റഡാർ കൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 10 തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്പ്ലേ ബോർഡും സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടു. ഇവയ്ക്ക് പുറമെ 39 മാനുവൽ മഴമാപിനികൾ സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സ്ഥലം ആവശ്യപ്പെട്ടതനുസരിച്ച് ഇവ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഐ.എസ്.ആർ.ഒ യുടെ 65 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും പ്രവർത്തന ക്ഷമമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (ബി) മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക സുരക്ഷാ മുന്നറിയിപ്പ് സംവിധാനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) ഉണ്ട്. ISRO-INCOIS എന്നിവരുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ NAVIC, 500 മത്സ്യ ബന്ധനയാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കി. കടലിൽ പോകുന്ന അവസരത്തിലും, തിരികെ വരുന്ന അവസരത്തിലും അതതു തീരത്ത് ഹാജർ വയ്ക്കുവാനായി ഒരു മൊബൈൽ |

ആപ്ലിക്കേഷൻ NIC യുമായി ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. വിവിധ അടിയന്തിര ഘട്ടങ്ങൾ നേരിടുവാനായി ഫിഷറീസ് വകുപ്പിൽ ഒരു Control Room ഇരുപത്തിനാല് മണിക്കൂറും പ്രവർത്തന സജ്ജമാക്കി. ഈ കൺട്രോൾ റൂമിനെ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രവുമായി ബന്ധിപ്പിക്കുകയും പ്രത്യേകം WhatsApp നമ്പർ അനുവദിച്ച്, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെയും, ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളുടെയും, പോലീസ് കൺട്രോൾ റൂമിന്റെയും ചേർന്ന WhatsApp ഗ്രൂപ്പിൽ ബന്ധപ്പെടുത്തി.

അന്തർദേശീയ കടൽ ചട്ടങ്ങൾ അനുസരിച്ചുള്ള കൊടികൾ, ലൈറ്റ്, പ്രദർശന ബോർഡുകൾ എന്നീ സംവിധാനങ്ങൾ തുറമുഖങ്ങൾ, Fish Landing Centres എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ മത്സ്യ ബന്ധന വകുപ്പിന് നിർദേശം നൽകി

INCOIS ൽ നിന്നുള്ള വിവിധ പ്രവചനങ്ങൾ മത്സ്യ തൊഴിലാളികൾക്ക് നേരിട്ട് മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് 1,45,788 മത്സ്യ തൊഴിലാളികളുടെ

മൊബൈൽ നമ്പറുകൾ ശേഖരിച്ച് INCOIS ന് ലഭ്യമാക്കി

രാജ്യാതിർത്തികൾക്ക് അതീതമായി ആഴ കടലിലും മത്സ്യ തൊഴിലാളികൾക്ക് മുന്നറിയിപ്പുകൾ നൽകുവാൻ ആകാശവാണിയുടെ നിർത്തി വച്ചിരിക്കുന്ന MW, SW Transmission പുനർ ആരംഭിക്കുവാൻ കേരളത്തിലും തമിഴ് നാട്ടിലും കടലിൽ 500 നോട്ടിക്കൽ മൈൽ വരെ പരീക്ഷണം നടത്തുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയിൽ നടന്ന യോഗത്തിൽ തീരുമാനം കൈകൊണ്ടു.

സെക്ഷൻ ഓഫീസർ